LIBRARY ARCHIVES Kerala Legislative Assembly

**പ്രിവന്റീവ് ഓഫീസർമാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ**

82(2334) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഡിപ്പാർട്ട്മെന്റിൽ ക്ലറിക്കൽ ജോലി ചെയ്യുന്ന പ്രിവന്റീവ് ഓഫീസർമാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത പ്രിവന്റീവ് ഓഫീസർമാരുടെ സ്ഥലംമാറ്റത്തിന് സീനിയോറിറ്റി പാലിക്കാറുണ്ടോ ;

(സി) എക്സൈസ് ഡിപ്പാർട്ട്മെന്റിൽ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനിൽ ക്ലറിക്കൽ ജോലി ചെയ്യുന്ന ഏതെങ്കിലും പ്രിവന്റീവ് ഓഫീസർമാർ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി മൂന്നുവർഷത്തിലേറെയായി ഒരേ സീറ്റിൽ ജോലി ചെയ്യുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) ഇപ്രകാരം സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ക്ലറിക്കൽ ജോലി ചെയ്യുന്ന പ്രിവന്റീവ് ഓഫീസർമാരുടെ ഡിവിഷൻ ഓഫീസ് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സാധാരണയായി മൂന്ന് വർഷത്തേക്കാണ് പ്രിവന്റീവ് ഓഫീസർമാരെ ക്ലറിക്കൽ ജോലിക്കായി നിയമിക്കുന്നത്. എന്നാൽ, പരമാവധി മൂന്ന് വർഷം മാത്രമേ ഒരു ക്ലറിക്കൽ പോസ്റ്റിൽ ജോലി ചെയ്യാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) ഉണ്ട്.

(സി&ഡി) സ്ഥലം മാറ്റുന്നതിന് പ്രത്യേക മാനദണ്ഡം തീരുമാനിച്ചിട്ടില്ലാത്തതിനാൽ കൊല്ലം ഡിവിഷനിൽ പി.എസ്. പ്രകാശ്, ഇടുക്കി ഡിവിഷനിൽ എം.ആർ മണികണ്ഠദാസ്, കോഴിക്കോട് ഡിവിഷനിൽ പി. സുരേഷ് എന്നിവർ മൂന്ന് വർഷത്തിലധികമായി ഒരേ സീറ്റിൽ ജോലി നോക്കുന്നവരാണ്. മറ്റു ഡിവിഷനുകളിൽ ഒന്നും തന്നെ ഒരേ സീറ്റിൽ മൂന്ന് വർഷത്തിലേറെയായി ജോലി നോക്കുന്ന പ്രിവന്റ് ഓഫീസർമാർ ആരും തന്നെയില്ല.

**കശുവണ്ടി വ്യവസായ വികസന പദ്ധതികൾ**

83(2335) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായ വികസനത്തിനായി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) 'സി.ഡി.സി. കാഷ്യൂസ്' എന്ന ബ്രാൻഡ് നെയിമിൽ എന്തൊക്കെ മൂല്യവർദ്ധിത ഉല്പന്നങ്ങളാണ് വിപണിയിൽ എത്തിച്ചത് ;

(സി) ഇത്തരം ഉല്പന്നങ്ങളുടെ വിറ്റ് വരവിലൂടെ എത്ര കോടിരൂപ നേടാനാകും എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ഡി) പുതിയ ഉല്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കാനായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി ;

(ഇ) ഈ ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ എത്ര കോടി വിദേശനാണ്യം നേടാനാകും ;

(എഫ്) പുതിയ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനായി റിസർച്ച് & ഡവലപ്മെന്റ് വിഭാഗം എന്തൊക്കെ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്നറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം നൽകിയിട്ടുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | തൊഴിൽ ദിനങ്ങളുടെ എണ്ണം |
|---|---|
| 2006-07 (18-5-2006 മുതൽ) | 149 ദിവസം |
| 2007-08 | 165 ദിവസം |
| 2008-09 | 209 ദിവസം |
| 2009-10 | 284 ദിവസം |
| 2010-11 | 247 നാളിതുവരെ |

2. കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി 2007-08, 2008-09 വർഷങ്ങളിലായി അനുവദിച്ച 18.47 കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർബോർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികൾ സ്ഥാപിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ഫാക്ടറികളിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് മിക്ക ഫാക്ടറികളിലും കുഴൽക്കിണറിന്റെ നിർമ്മാണം ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ തൊഴിലാളികൾക്ക് ശുദ്ധജലം കുടിക്കാൻ ലഭിക്കത്തക്ക തരത്തിൽ എല്ലാ ഫാക്ടറികളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുള്ളതുമാണ്.

5. നിലവിലുണ്ടായിരുന്ന ടിൻഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ, 'ഫ്ളെക്സിപാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ഫ്ളക്സി പാക്കിംഗ് പരിപ്പിനാണ് മാർക്കറ്റുള്ളത്.

6. CFTRI-യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കൃാഷുവിറ്റ, കൃാഷ്യൂബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

7. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉൽപ്പന്നങ്ങുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേക്കും 7500-ഓളം തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാണ്.

8. ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിലേക്ക് കോർപ്പറേഷനിലെ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നു.

9. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്.

10. കശുമാങ്ങയിൽ നിന്നും ബയോഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

11. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12. കശുവണ്ടി വികസന കോർപ്പറേഷൻ STC, IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

13. കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് CDC cashews എന്ന ബ്രാൻഡ് നെയിമിൽ കശുവണ്ടി ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നതിന് ഫ്രാഞ്ചൈസികളും ഔട്ട്‌ലറ്റുകളും പുതുതായി സ്ഥാപിച്ചിട്ടുള്ളതും കൂടാതെ ആഭ്യന്തര മാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെയും, മറ്റ് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടേയും വിൽപ്പന വിപുലീകരിക്കുന്നതിനായി പൊതു വിപണിയിൽ പരിചയപ്പെടുത്തി ഇൻഡ്യ ഒട്ടാകെ വിൽപ്പന വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കയറ്റുമതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബായിൽ എം.കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരികയാണ്. കൂടാതെ റഷ്യ, ചൈന എന്നീ രാജ്യങ്ങളിലേക്കും കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ സിഡിസി കാഷ്യൂസ് എന്ന ബ്രാൻഡ് നെയിമിൽ കശുവണ്ടി പരിപ്പും, മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബിറ്റ്സ് എന്നിവയാണ് വിപണിയിൽ ഇറക്കിയിട്ടുള്ളത്.

(സി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിറ്റുവരവിലൂടെ പ്രതിവർഷം ഏകദേശം 20 കോടി രൂപ നേടുവാനാകുമെന്നാണ് കണക്കാക്കുന്നത്.

(ഡി) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബിറ്റ്സ് എന്നിവയാണ്. ഈ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട ആഭ്യന്തര വിപണി കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളതാണ്. ഈ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി ദുബായ് എം. കെ. ഗ്രൂപ്പുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) ഈ ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ 5 കോടി രൂപയുടെ വിദേശനാണ്യം നേടാനാകും.

(എഫ്) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്ററിൽ കൂടി ഏകോപിച്ചുള്ള പ്രവർത്തനങ്ങളുടെ ഫലമായി മൂല്യവർദ്ധിത ഉല്പന്നങ്ങളായ കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ വിറ്റ, കാഷ്യൂ ബിറ്റ്സ് എന്നിവ വിപണിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly